**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4864** **4.7.2012 ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ തീർപ്പാക്കാൻ കഴിഞ്ഞ കേസ്സുകൾ**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾക്ക് തീർപ്പുണ്ടാക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ ലഭ്യമായ 48,309 അപേക്ഷകളിൽ 43,209 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര രൂപയുടെ ധനസഹായം വിവിധ അപേക്ഷകളിന്മേൽ അനുവദിച്ചു; | (ബി) | 2,81,17,500/-(രണ്ടു കോടി എൺപത്തൊന്നു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്) രൂപാ ധനസഹായം അനുവദിച്ചു. |
| (സി) | ചികിത്സാ സഹായം, മരണാനന്തര ധനസഹായം എന്നീ ഇനങ്ങളിൽ ജനസമ്പർക്ക പരിപാടിയിലൂടെ ചേർത്തല താലൂക്കിൽപ്പെട്ട എത്ര പേർക്ക് സഹായം അനുവദിച്ചു; ചേർത്തല താലൂക്കിൽ ഇപ്രകാരം ആകെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ; | (സി) | ചികിത്സാ സഹായം, മരണാനന്തര ധനസഹായം എന്നീ ഇനങ്ങളിലായി ചേർത്തല താലൂക്കിൽ ആകെ 1131 പേർക്ക് 5789000/- (അൻപത്തിയേഴ് ലക്ഷത്തി എൺപത്തൊൻപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പങ്കെടുത്ത ആലപ്പുഴ ജില്ലയിലെ പരിപാടിക്ക് സ്റ്റേഡിയം അലങ്കരിക്കൽ, സ്റ്റേജ്, പ്രചരണം, പന്തൽ, സ്വീകരണ പരിപാടി, വിവിധ വകുപ്പു വാഹനങ്ങൾ ഓടിയ ഇന്ധന ചെലവ് എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) & (ഇ) | മുഖ്യമന്ത്രിയുടെ ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ആലപ്പുഴ ഓഫീസ് മുഖാന്തിരം, പന്തൽ, സ്റ്റേജ്, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് ജോലികൾ എന്നിവയ്ക്ക് 46,21,672/-രൂപയും റവന്യൂ വകുപ്പ് മുഖേന പ്രിന്റിംഗ്, ഭക്ഷണം തുടങ്ങിയവയ്ക്ക് 7,40,000/-രൂപയും ചേർത്ത് ആകെ 53,61,672/-രൂപാ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ചെലവുകൾക്കുള്ള തുക എവിടെ നിന്നാണ് കണ്ടെത്തിയത്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ